"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ക്രമ നമ്പർ 19 ആയി ഉൾപ്പെട്ട 'ഗണിക' (Ganika) എന്ന സമുദായ പദത്തിന് പകരം 'ഗണിക / ഗാണിഗ' (Ganika / Ganiga) എന്നാക്കി മാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ.ഉ.(കൈ) നം.3/2025/BCDD    തീയതി,തിരുവനന്തപുരം, 09-06-2025

---

പരാമർശം:- കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ 16.02.2022-ലെ ഉപദേശം / റിപ്പോർട്ട്

**ഉത്തരവ്**

കാസർഗോഡ് ജില്ലയിലും കർണ്ണാടകയിലുമുള്ള 'ഗാണിഗ' (Ganiga) സമുദായത്തെ സംസ്ഥാന ഒ..ബി.സി. പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് സർക്കാരിൽ അപേക്ഷ ലഭിച്ചിരുന്നു.

2 ) ഈ വിഷയത്തിൽ സർക്കാർ കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ഉപദേശം തേടിയിരുന്നു. സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ക്രമ നമ്പർ 1 9 ആയ 'ഗണിക' എന്നത് 'ഗാണിഗ' എന്നാക്കി തിരുത്തുകയാണെങ്കിൽ 'ഗാണിഗ' എന്ന പേരിൽ ജാതി സർട്ടിഫിക്കറ്റുള്ളവർക്ക് മാത്രം ആനുകൂല്യങ്ങൾ ലഭ്യമാകുന്ന സ്ഥിതിയുണ്ടാവുമെന്നും, അതിനാൽ 'ഗണിക' എന്ന ജാതി സർട്ടിഫിക്കറ്റുള്ളവർക്ക് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന സാഹചര്യം ഉണ്ടാകാതിരിക്കാൻ, 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പാർട്ട് I ഷെഡ്യൂൾ ലിസ്റ്റ് III-ൽ സംസ്ഥാന ഒ.ബി.സി. പട്ടികയിലെ ക്രമ നമ്പർ 19 ആയ 'ഗണിക' (Ganika) എന്നതിന് പകരം "ഗണിക/ഗാണിഗ" (Ganika/Ganiga) എന്നാക്കി മാറ്റാവുന്നതാണെന്ന് സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ സർക്കാരിൽ ഉപദേശം ലഭ്യമാക്കിയിരുന്നു.

3 ) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ശിപാർശ അംഗീകരിച്ച്, 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പാർട്ട് I , ഷെഡ്യൂൾ ലിസ്റ്റ് III-ൽ സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ക്രമ നമ്പർ 19 ആയ 'ഗണിക' (Ganika) എന്ന സമുദായ പദത്തിന് പകരം "ഗണിക / ഗാണിഗ" (Ganika / Ganiga) എന്നാക്കി മാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4 ) ഇതു സംബന്ധിച്ച വിജ്ഞാപനം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പുനീത് കുമാർ ഐ എ എസ
അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

സെക്രട്ടറി, കേരള നിയമസഭ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും / പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും /സെക്രട്ടറിമാർക്കും
രജിസ്ട്രാർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ, കനകനഗർ, തിരുവനന്തപുരം
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, നന്ദാവനം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
പൊതുഭരണ (എസ്.സി.) വകുപ്പ്
റവന്യൂ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക
വകുപ്പ് (പ്രസിദ്ധീകരണത്തിനായി)
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (തുടർ നടപടികൾക്കായി)
കരുതൽ ഫയൽ / ഓഫീസ്കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Navasukutty K
Date: 09-06-2025 14:18:13
സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു. പിന്നാക്ക സമുദായ ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

പിന്നാക്ക വിഭാഗ വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

പിന്നാക്ക വിഭാഗ വികസന വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 05-06-2025

ഫയൽ നം. എ3/72/2024/പി.വി.വി.വ. ഇനം നം: 2995

**വിഷയം** : പിന്നാക്ക വിഭാഗ വികസന വകുപ്പ് - കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ശിപാർശ അംഗീകരിച്ച് സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഇനം നമ്പർ 19 ആയി ഉൾപ്പെട്ട **'ഗണിക'** (Ganika) എന്ന സമുദായ പദത്തിന് പകരം **'ഗണിക/ഗാണിഗ'** (Ganika/Ganiga) എന്നാക്കി മാറ്റുന്നത്.

**തീരുമാനം** : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, പിന്നാക്ക വിഭാഗ വികസന വകുപ്പ്.

2995

കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എ 3/72/2024/പി.വി.വി.വ. |
| 2 | വകുപ്പ് | : | പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ് |
| 3 | വിഷയം | : | കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ശിപാർശ അംഗീകരിച്ച് സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഇനം നമ്പർ 19 ആയി ഉൾപ്പെട്ട 'ഗണിക' (Ganika) എന്ന സമുദായ പദത്തിന് പകരം 'ഗണിക / ഗാണിക' (Ganika / Ganiga) എന്നാക്കി മാറ്റുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിന് സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയ്യതി | : | 12/05/2025 |
| 5 | i. ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ ;<br>ii. സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | അല്ല<br>ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. വൽസല എസ് ഡി |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ പുനീത് കുമാർ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 22/05/2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 24/05/2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ ഒ. ആർ. കേളു |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 27/05/2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയ്യതി | : | 27/05/2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1. സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഇനം നമ്പർ 19 ആയി ഉൾപ്പെട്ട 'ഗണിക' (Ganika) എന്ന സമുദായ നാമം 'ഗണിക / ഗാണിഗ' (Ganika / Ganiga) എന്നാക്കി മാറ്റുന്നതിനുള്ള കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ശിപാർശ അംഗീകരിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. കാസർഗോഡ് ജില്ലയിലും കർണ്ണാടകയിലുമുള്ള 'ഗാണിഗ' (GANIGA) സമുദായത്തെ സംസ്ഥാന ഒ..ബി.സി. പട്ടികയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് സർക്കാരിൽ അപേക്ഷ ലഭിച്ചിരുന്നു. കാസർഗോഡ് ജില്ലാ കളക്ടറുടെ റിപ്പോർട്ട് അനുസരിച്ച് ഗാണിഗ (Ganiga) സമുദായം കന്നട, തുളു ഭാഷകൾ സംസാരിക്കുന്നവരും, എണ്ണയാട്ട് പാരമ്പര്യ തൊഴിലായി സ്വീകരിച്ചിട്ടുള്ളവരുമാണ്.

3. ഈ വിഷയത്തിൽ സർക്കാർ നിർദ്ദേശമനുസരിച്ച് സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ ലഭ്യമാക്കിയ ഉപദേശത്തിൽ സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ക്രമ നമ്പർ 19 ആയ 'ഗണിക' എന്നത് 'ഗാണിഗ' എന്നാക്കി തിരുത്തുകയാണെങ്കിൽ 'ഗാണിഗ' എന്ന പേരിൽ ജാതി സർട്ടിഫിക്കറ്റുള്ളവർക്ക് മാത്രം ആനുകൂല്യങ്ങൾ ലഭ്യമാകുന്ന സ്ഥിതിയുണ്ടാവുമെന്നും അതിനാൽ ഗണിക എന്ന ജാതി സർട്ടിഫിക്കറ്റുള്ളവർക്ക് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന സാഹചര്യം ഉണ്ടാകാതിരിക്കാൻ, സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ക്രമ നമ്പർ 19 ആയ 'ഗണിക' എന്നതിന് പകരം "ഗണിക / ഗാണിഗ" എന്നാക്കി മാറ്റാവുന്നതാണെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ഉപദേശത്തിലെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു.

"In the result the Commission in exercise of the powers vested in it under Section 9(1) of Kerala State Commission for Backward Classes Act 1993 (Act 11 of 1993) gives advice to the Government that in entry number 19 in the list III of Other Backward Classes in Schedule to Part I Kerala State and Subordinate Service Rules 1958 for the word "Ganika" the words "Ganika/Ganiga" shall be substituted"

4. ഈ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടു.

## തീരുമാനമെടുക്കേണ്ട വിഷയം

കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ശിപാർശ അംഗീകരിച്ച് 1958 -ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പാർട്ട് I ഷെഡ്യൂൾ ലിസ്റ്റ് III -ൽ സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഇനം നമ്പർ 19 ആയ 'ഗണിക' എന്ന സമുദായ നാമം 'ഗണിക/ഗാണിഗ' (Ganika/Ganiga) എന്ന് മാറ്റം വരുത്തി ഉത്തരവ് പുറപ്പെടുവിക്കാമോ ?

GOVERNMENT OF KERALA

(SHRI. PINARAYI VIJAYAN MINISTRY)

NOTE FOR THE COUNCIL OF MINISTERS

| | | | |
|---|---|---|---|
| 1 | File No. | : | **A3/72/2024/BCDD** |
| 2 | Department | : | **Backward Classes Development (A) Department** |
| 3 | Subject | : | Recommendation of the Kerala State Backward Classes Commission to substitute the community name 'Ganika', included as item number 19 in the State OBC list with 'Ganika / Ganiga' – Reg. |
| 4 | Date of Chief Minister's order for placing before the Council | : | **12/05/2025** |
| 5 | i. Does the case involve financial commitments/implications ;<br>ii. If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note ? | :<br>: | No<br>No |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note of the Council? | : | No |
| 7 | Name of Joint Secretary who submitted the Draft Note | : | Smt. Valsala S D |
| 8 | Name of the Additional Chief Secretary who approved the Draft Note | : | Sri. Puneet Kumar |
| 9 | Date of Approval of the Draft Note for the Council by the Additional Chief Secretary | : | **22/05/2025** |
| 10 | Name of Chief Secretary who approved the Draft Note | : | Dr. A. Jayathilak |
| 11 | Date of Approval of the Draft Note for the Council by the Chief Secretary | : | **24/05/2025** |
| 12 | Name of Minister who approved the Draft Note | : | Sri. O. R. Kelu |
| 13 | Date of approval of the Draft Note for the Council by the Minister | : | **27/05/2025** |
| 14 | Date of Submission of fair copies | : | **27/05/2025** |
| 15 | Date of Decision by the Council of Ministers | : | |
| 16 | Number, and date of the G.O/Letter | : | |

# Note for the Council of Ministers

1. This note is for approving the recommendation of the Kerala State Backward Classes Commission to substitute the community name 'Ganika', included as item number 19 in the State OBC list with 'Ganika / Ganiga'.

2. Request was received in Government to include the 'GANIGA' community in the Kasaragod District and Karnataka to include in the State OBC list. As per the report of the District Collector, Kasaragod, the Ganiga community speaks Kannada and Tulu languages and has adopted oil extraction as their traditional occupation.

3. The Kerala State Commission for Backward Classes, in its advice, has recommended that if the serial number 19 of State OBC list, 'Ganika', is corrected to 'Ganiga', only those who have caste certificates in the name 'Ganiga' will only be eligible for benefits. Therefore, in order to avoid a situation were those with caste certificates in the name 'Ganika' are denied benefits, the serial number 19 of the State OBC list, the word 'Ganika', may be substituted with "Ganika / Ganiga". The relevant part of the advice of the Kerala State Commission for Backward Classes is produced below :

   "In the result the Commission in exercise of the powers vested in it under Section 9(1) of Kerala State Commission for Backward Classes Act 1993 (Act 11 of 1993) gives advice to the Government that in entry number 19 in the list III of Other Backward Classes in Schedule to Part I Kerala State and Subordinate Service Rules 1958 for the word "Ganika" the words "Ganika/Ganiga" shall be substituted"

4. Hon'ble Chief Minister has ordered to place the matter before the Council of Ministers for decision.

## POINT FOR DECISION

Whether the recommendation of the Kerala State Commission for Backward Classes may be accepted and the community name 'Ganika' in entry number 19 in the list III of Other Backward Classes in Schedule to Part I of Kerala State & Subordinate Service Rules, 1958 may be substituted with "Ganika / Ganiga" ?